**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2937** **24-02-2026 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക വികസനവും പൈതൃക സംരക്ഷണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സാംസ്കാരിക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | അന്യം നിന്നു പോകുന്ന ജനകീയ കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി 2021 മുതൽ 2026 വരെ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിന്റെ തനത് കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും അന്യം നിന്നു പോകുന്ന കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പുതുതലമുറയ്ക്ക് പകർന്നു നൽകുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുവാനും സുകുമാരകലകളിൽ നിശ്ചിത യോഗ്യതനേടിയ യുവാക്കളെ കണ്ടെത്തി രണ്ട് വർഷക്കാലം ഫെലോഷിപ്പ് നൽകി സൗജന്യ സാമൂഹ്യ കലാപരിശീലനത്തിന് വേദി ഒരുക്കുന്നതിലൂടെ ഫെലോഷിപ്പ് ജേതാക്കൾക്ക് ഭാവി കലാപ്രവർത്തനങ്ങൾക്ക് അടിത്തറ ഒരുക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് സാംസ്കാരിക വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആയിരം യുവകലാകാരർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി.<br><br>ഗ്രാമീണകലാകാരന്മാരുടെയും കരകൗശലവിദഗ്ദരുടെയും നൈപുണ്യം ശക്തിപ്പെടുത്തുക, അവർക്ക് അന്തർദേശീയ വിപണി ബന്ധങ്ങൾ സ്ഥാപിച്ച് വിപണന സാധ്യതകൾ വർദ്ധിപ്പിക്കുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യ പ്രാപ്തിക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ് കലാകാരന്മാരുടെ ഉപജീവനം അഥവ ഗ്രാമീണ കലാകേന്ദ്രം പദ്ധതി. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം ഡിജിറ്റൽ രീതിയിൽ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | ലോകത്തിന്റെ ഏത് കോണിൽ ജീവിക്കുന്നവർക്കും കേരളീയ കലകൾ പഠിക്കുന്നതിനും കേരളീയ സംസ്കാരത്തെക്കുറിച്ച് അറിവ് നേടുന്നതിനും അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ സാംസ്കാരികവകുപ്പിന്റേയും കേരള ഡിജിറ്റൽ സർവകലാശാലയുടെയും സഹകരണത്തോടെ കേരളത്തിന്റെ സാംസ്കാരിക പൈതൃകങ്ങൾ, തനത് കലാരൂപങ്ങൾ എന്നിവയുടെ സമഗ്ര വിവരശേഖരണം ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുന്നത് സംബന്ധിച്ച് സംരംഭത്തിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ